യൂണിറ്റ്.1

# അമൃതം

# കിളിക്കൊഞ്ചൽ



## മലയാളം വർക്ക് ബുക്ക്

ക്ലാസ്: 4

Kerala LPSA Helper Blog

ടേം : 1

## യൂണിറ്റ്.1
# അമൃതം

### പ്രവർത്തനം.1 അന്നമാണമൃതം

ഒരു നേരത്തെ അന്നത്തിനായി ബുദ്ധിമുട്ടുന്ന ധാരാളം ആളുകൾ നമുക്ക് ചുറ്റും ഉണ്ട്.അത്തരം ആരെങ്കിലും നിങ്ങളുടെ വീട്ടിൽ വന്നാൽ നിങ്ങൾ എന്ത് ചെയ്യും?കുറിപ്പായ് എഴുതൂ.

### പ്രവർത്തനം.2 പുണ്യമാണന്നം

പാഠഭാഗത്തെ ചിത്രം കണ്ടല്ലോ ? ഇത്തരം ഒരനുഭവം നിങ്ങൾക്കാണ് ഉണ്ടായതെങ്കിൽ നിങ്ങൾ എന്ത് ചെയ്യും?

യൂണിറ്റ്.1

# വെണ്ണക്കണ്ണൻ

## പ്രവർത്തനം.4

**അമ്മ ഇപ്പോളും  നിങ്ങൾക്ക് ഭക്ഷണം ഊട്ടിത്തരാറുണ്ടോ?.ഏത് സന്ദർഭങ്ങളിലാണ് അങ്ങിനെ ചെയ്യാറുള്ളത്. നിങ്ങളുടെ അനുഭവം പങ്ക് വച്ചുകൊണ്ട് ഒരു കുറിപ്പ് തയാറാക്കൂ.**

## പ്രവർത്തനം.5     നാനാർഥം

**താഴെ കൊടുത്തിരിക്കുന്ന പദങ്ങളുടെ ആശയം വരുന്ന കൂടുതൽ പദങ്ങൾ കണ്ടെത്തി എഴുതൂ.**

| | | | | | |
|---|---|---|---|---|---|
| കൈ | | | അമ്മ | | |
| തിങ്കൾ | | | കേഴുക | | |
| പുഞ്ചിരി | | | നിലാവ് | | |
| കുട്ടി | | | മുഖം | | |

## പ്രവർത്തനം.6 കുഞ്ഞൂണ്



ഉണ്ണിതൻ കയ്യാലേ അമ്മതൻ വായിലായ്,
ഒരുപിടി വറ്റു തിരുകി വച്ചു.
മനസ്സു തളിർത്തമ്മ ഉണ്ണിതൻ കവിളിലായ്,
തുരുതുരേ ചുംബനം കൊണ്ടു മൂടി.

അമ്മമാർ കുഞ്ഞുങ്ങളെ ഊട്ടാറുണ്ട്.എന്നാൽ അമ്മമാരെ കുഞ്ഞുങ്ങൾ ഊട്ടുന്നത് അപൂർവ്വമാണ്. അങ്ങിനെ ഒരനുഭവം നിങ്ങൾക്ക് ഉണ്ടായിട്ടുണ്ടോ? ഒരു വിവരണം തയാറാക്കൂ.

## പ്രവർത്തനം.7 പ്രയോഗഭംഗി

കവിതയിലെ പ്രയോഗഭംഗി നോക്കൂ.

മനസ്സു തളിർത്തമ്മ

ചുംബനം കൊണ്ട് മൂടി.

ഇതുപോലെ പാഠഭാഗത്തുനിന്നും പ്രയോഗങ്ങൾ കണ്ടെത്തി എഴുതുക.

## പ്രവർത്തനം.8 എന്റെ ആശയം

**പാട്ട് വായിച്ചല്ലോ. അതിന്റെ ആശയം വിശദമാക്കാം.**

## പ്രവർത്തനം.9 പാട്ട്

**അമ്മ കുട്ടിയെ ഊട്ടുമ്പോൾ അതിൽ നിന്നും ആ കുഞ്ഞ് ഒരുപിടി വറ്റ് അമ്മയുടെ വായിൽ വച്ച് കൊടുക്കുകയാണ്. അപ്പോൾ അമ്മയ്ക്കുണ്ടായ അനുഭവമാണ് കവിതയിൽ..**

**പിന്നീട് എന്ത് സംഭവിച്ചിരിക്കാം?**

**അത് 4 വരി കവിതയായ് എഴുതി നോക്കൂ.പാട്ടിന് ഒരു പേരും നല്കണം.**

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

## പ്രവർത്തനം.10 ഞാനും കഥാകാരി

**മുകളിൽ കൊടുത്തിരിക്കുന്ന കവിതയുടെ ആദ്യഭാഗമാണ് കഥാരൂപത്തിൽ കൊടുത്തിരിക്കുന്നത്. കഥയുടെ ബാക്കി പൂർത്തിയാക്കൂ. കഥയ്ക്ക് പേരും നൽകണേ.**

**വിശന്നു കരയുന്ന കുഞ്ഞിന്റെ കരച്ചിൽ കേട്ടാണ് അമ്മ അടുക്കളയിൽ നിന്നും വന്നത്. കുഞ്ഞിനെ കയ്യിൽ കോരിയെടുത്ത് അവനെ തന്റെ മാറോട് ചേർത്തുപിടിച്ചമ്മ അടുക്കളയിലേക്ക് വേഗം നടന്നു. ഒരു പാത്രത്തിൽ........**

## യൂണിറ്റ്.1
# സ്നേഹം താൻ ശക്തി.

### പ്രവർത്തനം.10 നീ, എന്നെ കുത്തിയില്ലല്ലോ

**ചി ത്രം നിരീക്ഷിക്കൂ.**



**തേനീച്ചയും പെൺകുട്ടിയും തങ്ങളുടെ അനുഭവങ്ങൾ പങ്ക് വയ്ക്കുകയാണ്. എന്തെല്ലാമായിരിക്കുമവർ പങ്കുവച്ചുകാണുക? ഒരു കുറിപ്പ് തയാറാക്കൂ**

## പ്രവർത്തനം.10 കുട്ടേട്ടൻ

മുറ്റത്തെ പ്ലാവിൽ ചക്കകൾ കായ്ച്ചപ്പോൾ,
അണ്ണാറകണ്ണൻ തിന്നാൻ വന്നു.
അന്നേരം കുട്ടേട്ടൻ പ്ലാവിൻ ചുവട്ടിലായ്,
വന്നിട്ടുച്ചത്തിൽ ഓതിയത്രേ.
ഞാൻ വച്ച പ്ലാവിലെ ചക്കകൾ തിന്നുവാൻ,
വന്നോരു കള്ളാ നീ ദൂരേ പോകൂ.

കവിത വായിച്ചല്ലോ? കുട്ടേട്ടന്റെ വാക്കുകൾക്ക് അണ്ണാറകണ്ണൻ എന്ത് മറുപടിയായിരിക്കും പറഞ്ഞിട്ടുണ്ടാകുക?. ചൊല്ലിനോക്കൂ.എഴുതുകയും വേണം കേട്ടോ.

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................

.....................................................................................................

## പ്രവർത്തനം.11 അർഥം

| | |
|---|---|
| വൃദ്ധി | സൂത്രം |
| പീഡ | അസാധാരണം |
| മുരടിച്ച് | ജഗത്ത് |

## പ്രവർത്തനം.12 നട്ട് നനയ്ക്കാം

**നട്ട് പിടിപ്പിക്കാനായ് നിങ്ങൾക്കും സ്കൂളിൽ നിന്ന് മരങ്ങൾ തന്നിട്ടുണ്ട്. നിങ്ങൾ മരം വച്ചതും അതിനെ പരിപാലിക്കുന്നതുമായ കാര്യങ്ങൾ വിവരിക്കൂ.**

## പ്രവർത്തനം.13 നനാർഥം

**താഴെ കൊടുത്തിരിക്കുന്ന പദങ്ങളുടെ ആശയം വരുന്ന കൂടുതൽ പദങ്ങൾ കണ്ടെത്തി എഴുതൂ.**

| | | | | | |
|---|---|---|---|---|---|
| ശക്തി | | | പക്ഷി | | |
| ലോകം | | | ദിവസം | | |
| പീഡ | | | ക്ഷോപം | | |
| രാത്രി | | | മനുഷ്യൻ | | |
| സ്വരം | | | അർഥം | | |



തയാറാക്കിയത്: ശശിധരൻ കല്ലേരി.

## പ്രവർത്തനം.14 കുളിക്കാം കളിക്കാം.

**മഴയത്ത് കുളിക്കാം, കളിക്കാം. നാമെല്ലാവരും അത്തരം കാര്യങ്ങൾ പല തവണ ചെയ്തിട്ടുണ്ട്. നിങ്ങളുടെ അത്തരം ഒരനുഭവം പങ്കുവയ്ക്കൂ.**

## പ്രവർത്തനം.15 പാഴാക്കരുത്, സൂക്ഷിക്കാം

**മഴ വെള്ളം ധാരാളം പാഴായ് പോകുന്നുണ്ട്. മഴവെള്ളം പാഴാക്കുന്നതിനെതിരെ രണ്ട് പോസ്റ്ററുകൾ തയാറാക്കൂ.**

## പ്രവർത്തനം.16 കുളിക്കാം കളിക്കാം.

**ആളുകൾ ധാരാളം മരങ്ങൾ വെട്ടി നശിപ്പിക്കുന്നുണ്ട്.ഇത് ശരിയാണോ?**

**നിങ്ങളുടെ അഭിപ്രായം ഒരു കുറിപ്പായ് എഴുതൂ.എന്തുകൊണ്ട് എന്ന് സമർത്ഥിക്കാൻ മറക്കരുത്.**

**ഇത്തരം പ്രവണതകൾക്കെതിരെ പോസ്റ്ററുകൾ തയാറാക്കാം.**



തയാറാക്കിയത്: ശശിധരൻ കല്ലേരി.

## യൂണിറ്റ്.1
# കുടയില്ലാത്തവൻ

### പ്രവർത്തനം.17  അവധിക്കാലം എത്ര സുന്ദരം

**വേനലവധിക്കാലം കുട്ടികൾ ആടിയും പാടിയും, കളിച്ചും ചിരിച്ചും നടക്കുന്ന കാലമാണ്. നിങ്ങളുടെ ഒരു വേനൽ അനുഭവം പങ്കുവയ്ക്കൂ.**

### പ്രവർത്തനം.18  നാനാർഥം

**താഴെ കൊടുത്തിരിക്കുന്ന പദങ്ങളുടെ ആശയം വരുന്ന കൂടുതൽ പദങ്ങൾ കണ്ടെത്തി എഴുതൂ**

| | | | | | |
|---|---|---|---|---|---|
| കനിവ് | | | വെള്ളം | | |
| മഴ | | | ഉല്ലാസം | | |

## പ്രവർത്തനം.19 മഴ വരവായ്

**കവിത വായിച്ച് ആശയം ഗ്രഹിക്കൂ.**

**കാലമേറെ കഴിഞ്ഞു പിന്നെയും,**
**ഓടിക്കിതച്ച് മഴവന്നണയവേ.**
**സംഘഗാനം മുഴങ്ങുന്നു വയലിലായ്,**
**ആഗമിച്ചീടുന്നു കുളി രോടനിലനും.**

**മഴയുടെ വരവിനെക്കുറിച്ചാണ് കവിതയിൽ പറഞ്ഞിരിക്കുന്നത്.മഴ വരും മുൻപ് പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്?**

**കവിതയുടെ ആശയവുമായ് ബന്ധിപ്പിച്ചുകൂണ്ട് ഒരു കുറിപ്പ് തയാറാക്കാം.**

## പ്രവർത്തനം.20 മഴത്തുള്ളികൾ

**വേനൽക്കാലം കടന്ന് മഴക്കാലം വന്നണയുകയാണ്.മരങ്ങളിലും ഇലകളിലും പൂക്കളിലും , മണ്ണിലുമെല്ലാം മഴത്തുള്ളികൾ........**

**മഴക്കാലത്ത് നിങ്ങൾ കണ്ട പ്രത്യേകതകൾ വച്ചുകൊണ്ട് ഒരു കുറിപ്പ് തയാറാക്കൂ.**

## പ്രവർത്തനം.21 ചിത്രീകരിക്കാം

**വർഷമാഗമിച്ചീടുന്നു തൊടിയുലും,കുടിയിലും,**
**പിന്നെ ഞാൻ നട്ടുവളർത്തിയ മൂവാണ്ടൻ മാവിലും,**
**വെള്ളം നിറഞ്ഞെന്റെ മുറ്റവും പുഴയായ്,**
**കടലാസു തോണികൾ പുഴയിൽ നിറയുന്നു.**

**കവിത വായിച്ചല്ലൊ? അതിലെ ആശയവുമായ് ബന്ധപെട്ട ഒരു ചിത്രം വരയ്കൂ.**